# കത്തുകൾ




# പാകിസ്താനിലെ മതന്യൂനപക്ഷങ്ങൾ

**ശ്രീ** ശ്രീ രവിശങ്കർ എഴുതിയ അബദ്ധജടിലമായ ലേഖനത്തെക്കുറിച്ച് ഇഹ്സാൻ (ലക്കം: 35) എഴുതിയത് വായിച്ചു. പാകിസ്താൻ ഇന്ത്യക്ക് പ്രയാസമുണ്ടാക്കുന്ന പല കുത്തിത്തിരിപ്പുകളിലും ഏർപ്പെടുന്നുണ്ടാകാം. എന്നാൽ ആ രാജ്യത്ത് ശീഈ-സുന്നി സംഘട്ടനങ്ങളും മറ്റുപല അക്രമങ്ങളും നടക്കുന്നുവെന്നല്ലാതെ അവിടുത്തെ മതന്യൂനപക്ഷങ്ങൾക്കെതിരെ ആക്രമണങ്ങൾ അഴിച്ചുവിട്ടതായി റിപ്പോർട്ടുകൾ കണ്ടിട്ടില്ല. മതേതര രാഷ്ട്രമായ ഇന്ത്യയിൽ സ്വാതന്ത്ര്യാനന്തരം നൂറുകണക്കിൽ വർഗീയ കലാപങ്ങൾ അരങ്ങുതകർത്തപ്പോൾ 'മതരാഷ്ട്ര'മായി അറിയപ്പെടുന്ന പാകിസ്താനിൽ അത്തരത്തിലുള്ള കലാപങ്ങൾ ഉണ്ടായിട്ടില്ലെന്നത് ചെറിയ കാര്യമാണോ?

പാകിസ്താനിലെ ഹിന്ദു ക്ഷേത്രങ്ങളും സിക്ക് ഗുരുദ്വാരകളും സംഘ്പരിവാരങ്ങളുടെ നുണപ്രചാരണങ്ങളെ അതിജീവിച്ചുകൊണ്ട് സുരക്ഷിതമായി നിലനിന്നു പോരുന്നുണ്ട്. ബാബരി മസ്ജിദ് ധ്വംസനത്തെ തുടർന്ന് ലോകമെങ്ങും പ്രതിഷേധമിരമ്പിയ ഘട്ടത്തിൽ മാത്രമാണ് ചരിത്രത്തിലാദ്യമായി ചില തീവ്രവാദികൾ അവിടുത്തെ ക്ഷേത്രങ്ങൾക്ക് നേരെ തിരിഞ്ഞത്. അവിവേകികളായ തീവ്രവാദികൾ തകർത്ത ക്ഷേത്രങ്ങൾ പാകിസ്താൻ ഗവൺമെന്റ് പുനർനിർമിച്ചുകൊടുക്കുകയും ചെയ്തു. ന്യൂനപക്ഷങ്ങൾക്കും അവരുടെ ആരാധനാലയങ്ങൾക്കും നേരെയുള്ള ആക്രമണങ്ങൾ ശക്തമായി നേരിടാൻ അന്നത്തെ പാക് പ്രധാനമന്ത്രി നവാസ് ശരീഫ് അധികൃതർക്ക് കൽപന നൽകുകയുണ്ടായി. മതേതര ഇന്ത്യയിലാകട്ടെ തകർക്കപ്പെട്ട ബാബരി മസ്ജിദ് ഇന്നോളം പുനർനിർമിക്കപ്പെട്ടിട്ടില്ലെന്നു മാത്രമല്ല; മസ്ജിദ് തകർക്കപ്പെട്ട സ്ഥലത്ത് ഹിന്ദു ദേവാലയം ഉയർത്തപ്പെടുകയാണുണ്ടായത്! ഇവിടെ വഖ്ഫ് ചെയ്യപ്പെട്ട ആയിരക്കണക്കിൽ മുസ്‌ലിം പള്ളികൾ ഇന്നും അന്യാധീനപ്പെട്ടു കിടക്കുകയാണ്.

പാകിസ്താനിലെ ക്ഷേത്രങ്ങൾ പുനരുദ്ധരിക്കാൻ അവിടുത്തെ സർക്കാർ നടപ്പാക്കുന്ന പദ്ധതി തനിക്ക് മാനസാന്തരമുണ്ടാക്കിയെന്നും ഈ യാഥാർഥ്യം ഉൾക്കൊണ്ട് സംഘ്പരിവാറിന്റെ പാക് വിരുദ്ധ നിലപാടിൽ മാറ്റം വരുത്തണമെന്ന സന്ദേശവുമായി താൻ ആർ.എസ്.എസ് നേതൃത്വവുമായി ചർച്ച നടത്തുമെന്നും എൽ.കെ അദ്വാനി തുറന്നു പറഞ്ഞ ശേഷവും (*മലയാള മനോരമ* 07.06.'05) 'ലാഹോറിലെ ഏക ശ്രീകൃഷ്ണ ക്ഷേത്രം പൊളിച്ചുനീക്കി' എന്ന് ചിലർ കള്ള പ്രചാരണം അഴിച്ചുവിട്ടപ്പോഴാണ്, ഇതിന്റെ സത്യാവസ്ഥ അറിയുന്നതിന് പാക് ധനകാര്യമന്ത്രി ഇഅ്ജാസുൽ ഹഖ് ബി.ജെ.പി നേതാവ് എൽ.കെ അദ്വാനിയെ പാകിസ്താനിലേക്ക് ക്ഷണിച്ചത് (*മാധ്യമം* '06 ജൂൺ 29). ക്ഷേത്രം പൊളിച്ചുവെന്ന റിപ്പോർട്ട് വ്യാജമാണെന്നും ഈ പ്രചാരണം ഇന്ത്യാ-പാക് സമാധാന പ്രക്രിയ അട്ടിമറിക്കാനുള്ള ചില കുടില ശക്തികളുടെ സൃഷ്ടിയാണെന്നും പാക്മന്ത്രി വ്യക്തമാക്കുകയുണ്ടായി. പാകിസ്താനിലെ ഹിന്ദു-സിഖ് ക്ഷേത്രങ്ങളും പുണ്യ സ്ഥലങ്ങളും സൗന്ദര്യവൽക്കരിക്കുന്നതിന് 'ദവാമി ട്രസ്റ്റ് പ്രോപർട്ടി ബോർഡ് ഓഫ് പാകിസ്താൻ' 12 കോടി രൂപ ചെലവഴിക്കുമെന്ന് ഇ.ടി.ബി.പി ചെയർമാൻ സുൽഫിഖർ അലി ഖാൻ പ്രഖ്യാപിച്ചതായുള്ള വാർത്ത (*മാതൃഭൂമി* '05 ജൂൺ 26) പാകിസ്താനിൽ ക്ഷേത്രങ്ങൾ തകർക്കപ്പെടുന്നുവെന്ന വാർത്തയുടെ പൊള്ളത്തരം തുറന്നു കാട്ടുന്നു.

ഒടുവിൽ ശ്രീശ്രീ രവിശങ്കറിന്റെ പ്രചാരണങ്ങളെ പുഛിച്ചു കൊണ്ട് 'ഹിന്ദു വിശ്വാസങ്ങൾക്കെതിരെ പാകിസ്താനിൽ ഒരു ഭീഷണിയുമില്ലെന്ന് രാജസ്ഥാൻ ബി.ജെ.പി ഉപാധ്യക്ഷൻ ഓംകാർ സിംഗ് ലെഖാവത് തന്നെ തുറന്നു പറഞ്ഞിരിക്കുന്നു: 'മതപരിവർത്തനം അവിടെ എളുപ്പമല്ല. ഇന്ത്യൻ തീർഥാടകർക്ക് യാത്രയിലുടനീളം ഊഷ്മള സ്വീകരണമാണ് പാകിസ്താനികൾ നൽകിയത്. അവിടെയുള്ള മറ്റു ക്ഷേത്രങ്ങളും തീർത്തും സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്' എന്നാണ്, മുൻ കേന്ദ്രമന്ത്രി ജസ്വന്ത് സിംഗിനോടും സംഘത്തോടുമൊപ്പം ബലൂചിസ്ഥാനിലെ പുരാതന ഹിന്ദു തീർഥാടന കേന്ദ്രം സന്ദർശിച്ച ബി.ജെ.പി നേതാവ് ഓംകാർസിംഗ് വ്യക്തമാക്കിയത്.

പാകിസ്താൻ അവിടുത്തെ മതന്യൂനപക്ഷങ്ങളോടും ക്ഷേത്രങ്ങളോടും സ്വീകരിച്ചുകൊണ്ടിരിക്കുന്ന സഹിഷ്ണുതാപരമായ നിലപാടിനെക്കുറിച്ച് മാർക്സിസ്റ്റ് ചിന്തകൻ പി. ഗോവിന്ദപിള്ളക്ക് പറയാനുള്ളതും മറ്റൊന്നല്ല: 'ഈ വർഷത്തെ ശിവരാത്രി വ്രതത്തിനും ആഘോഷത്തിനും സകല വിധ സംരക്ഷണവും പ്രോത്സാഹനവും നൽകിയതിന് പുറമെ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന ക്ഷേത്രങ്ങൾ പുനരുദ്ധരിക്കാൻ വലിയ തോതിൽ സംഭാവന നൽകാനും മുശർറഫിന്റെ സർക്കാർ തീരുമാനിച്ച കാര്യം മാധ്യമശ്രദ്ധ പിടിച്ചുപറ്റി' (*ദേശാഭിമാനി* '07 ഫെബ്രുവരി 14). ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് പാകിസ്താനിൽ ഹിന്ദുവായ റാണാ ഭഗവാൻ ദാസ് ആക്ടിംഗ് ചീഫ് ജസ്റ്റിസ് ആയി സത്യപ്രതിജ്ഞ ചെയ്ത സംഭവം പലർക്കും അതിശയം ഉളവാക്കിയതായും അദ്ദേഹം നിരീക്ഷിക്കുന്നു (*ദേശാഭിമാനി* '07 ഫെബ്രുവരി 14).

ഇതാണ് യാഥാർഥ്യമെങ്കിൽ ഒരു വിഭാഗത്തോടുള്ള ശത്രുത അവരെക്കുറിച്ച് ദുഷ് പ്രചരണമഴിച്ചുവടാൻ പ്രേരിപ്പിക്കുന്ന കലാപ്രകടനം മാന്യന്മാർക്ക് ഭൂഷണമോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

**റഹ്മാൻ മധുരക്കുഴി**

## സുമനസ്സുകൾ മുൻകൈ എടുക്കട്ടെ

**മുജാഹിദ്** ഐക്യത്തെക്കുറിച്ച കവർസ്റ്റോറി (ലക്കം: 34) വായിച്ചു. ഐക്യശ്രമങ്ങൾ വേണ്ടതു തന്നെ. മുജാഹിദ് പ്രസ്ഥാനം മുസ്‌ലിം സമുദായത്തെ സംസ്കരിക്കാൻ തെരഞ്ഞെടുത്ത മാർഗം ഉചിതമായോ എന്നുകൂടി ആലോചിക്കേണ്ടതില്ലേ? മുസ്‌ലിം സമുദായത്തെ പ്രകോപിപ്പിക്കുന്ന രീതിയാണ് പലപ്പോഴും സ്വീകരിക്കുന്നത്. ഗുണകാംക്ഷയുടെയും സദുപദേശത്തിന്റെയും മൂല്യങ്ങൾ സ്വാംശീകരിക്കുന്നില്ല. ആശയ സംവാദ വേദികളിൽ പോലും അന്യ സമുദായ മേലധ്യക്ഷന്മാരെ 'ഉത്തരം മുട്ടിക്കുന്ന' രീതിയാണ് കണ്ടുവരുന്നത്. നവോത്ഥാന പ്രസ്ഥാനമായി സ്വയം പരിചയപ്പെടുത്തുമ്പോഴും മറ്റു സംഘടനകളെ അംഗീകരിക്കാനോ ഇസ്‌ലാമിക വൃത്തത്തിൽ ഉൾപ്പെടുത്താനോ തയാറാവുന്നില്ല.

ചങ്ങരംകുളത്ത് സമ്മേളന നഗരിയിൽനിന്ന് കേട്ട ശബ്ദം മുസ്‌ലിം സമുദായം സംസ്ഥാനതലം മുതൽ മഹല്ല് തലം വരെ ഐക്യപ്പെടണം എന്നായിരുന്നു. എന്നാൽ അതേ നഗരിയിൽ പ്രസംഗിച്ച ചിലർ ഭിന്നിപ്പിന്റെയും അനൈക്യത്തിന്റെയും സ്വരം തന്നെയാണ് ഉയർത്തിയത്. ഐക്യത്തെക്കുറിച്ച് യാഥാർഥ്യബോധം ഉണ്ടായിരുന്നുവെങ്കിൽ, ഏതെങ്കിലും ഒരു സെഷനിൽ മുസ്‌ലിം സംഘടനാ നേതൃത്വങ്ങളെ ഒന്നിച്ചിരുത്താൻ കഴിയണമായിരുന്നു.

ശൈഖ് മുഹമ്മദ് കാരകുന്നിന്റെ ലേഖനം അപൂർണമല്ലെ? യഥാർഥത്തിൽ മുജാഹിദ് ഭിന്നതക്ക് മൗലിക മാനങ്ങളുണ്ടെന്നാണ് അതിലെ പണ്ഡിതന്മാർ പറയുന്നത്. മാത്രവുമല്ല, ഐക്യം മുജാഹിദുകൾക്കിടയിൽ മാത്രം പരിമിതപ്പെടണോ...? സമുദായത്തിന്റെ പൊതു ഐക്യമാണ് വേണ്ടത്. ഇക്കാര്യത്തിൽ സുമനസ്സുകൾ മുൻകൈഎടുക്കണം.

**മുഹമ്മദ് സിദ്ദീഖ് മന്നാനി**
**വെമ്പായം, തിരുവനന്തപുരം**

## കാലത്തെ പഴിച്ചത് കൊണ്ട് എന്ത്കാര്യം?

**'കൈവിട്ടുപോകുന്ന** കൗമാരം' (ലക്കം: 29) എന്ന ലേഖനത്തിൽ യു.പി സ്കൂളുകളിലെ കുട്ടികളിൽപോലും മ്ലേഛ വൃത്തികൾ കണ്ടുവരുന്നു എന്നെഴുതിയത് അതിശയോക്തിയല്ലേ എന്ന് ആദ്യം തോന്നിയിരുന്നു. എന്നാൽ പറഞ്ഞത് വസ്തുത തന്നെയെന്ന് അന്വേഷിച്ചപ്പോൾ ബോധ്യമായി.

നമ്മുടെ പുതുതലമുറ ഇളംപ്രായത്തിൽ തന്നെ ലഹരിയുടെയും അശ്ലീലതയുടെയും തടവുകാരായി മാറിയിരിക്കുന്നു. നമസ്കാരത്തിൽ വീഴ്ചവരുത്താത്ത ഏതാനും പ്ലസ് ടു വിദ്യാർഥികളെ ഞാനും എന്റെ സുഹൃത്തും ഈയിടെ പിടികൂടി. വീട്ടിൽ അടച്ചിട്ട മുറിയിൽ കമ്പ്യൂട്ടറിൽ അശ്ലീല ഫിലിം കണ്ട് രസിക്കുകയായിരുന്നു ഇവർ. ഗ്രൂപ്പ് സ്റ്റഡിയുടെ പേരു പറഞ്ഞിട്ടാണത്രെ അവർ അവിടെ വന്നത്. വീട്ടുകാരനായ വിദ്യാർഥിയോട് ചോദിച്ചപ്പോഴാണറിഞ്ഞത്; വൃത്തിയാക്കാനല്ലാതെ മറ്റാരും അവന്റെ മുറിയിൽ കയറാറില്ലത്രെ! ഇവർക്ക് സിഡി നൽകിയത് പ്രദേശത്തെ ഏഴാം ക്ലാസുകാരൻ! നാൽകാലികളെക്കാൾ മനുഷ്യൻ അധഃപതിച്ചിരിക്കുന്നു.

അടച്ചിട്ട മുറികളിലിരുന്ന് കുട്ടികൾ സിഡികൾ കാണുന്നുവെങ്കിൽ രക്ഷിതാക്കൾ അവരെ നിരീക്ഷിക്കണം. അവർ ആരുടെകൂടെ നടക്കുന്നു, പണം കൂടുതലായി കൈയിൽ വരുന്നുണ്ടോ എന്നൊക്കെ ശ്രദ്ധിക്കണം. ഇതിലൊന്നും ജാഗ്രത കാണിക്കാതെ കാലത്തെ പഴിച്ചതുകൊണ്ട് എന്തുകാര്യം?

**ടി.എം.സി സിയാദലി കാസർകോട്**

### തുഹ്ഫതുൽ മുജാഹിദീൻ

**ശൈഖ്** സൈനുദ്ദീൻ മഖ്ദൂമിന്റെ *തുഹ്ഫതുൽ മുജാഹിദീൻ* എന്ന കൃതിയുടെ ഇംഗ്ലീഷ് പരിഭാഷയെക്കുറിച്ച് വന്ന കുറിപ്പിൽ (2008 ഫെബ്രുവരി 9) ഒരു കാര്യം വിട്ടുപോയി. ക്വാലാലമ്പൂരിലെ ഇസ്‌ലാമിക് ബുക്ട്രസ്റ്റും കോഴിക്കോട്ടെ അതർ ബുക്സും ചേർന്നാണ് ഇംഗ്ലീഷ് പരിഭാഷ പുറത്തിറക്കിയത്. കുറിപ്പിൽ ഇസ്‌ലാമിക് ബുക് ട്രസ്റ്റിന്റെ പേര് മാത്രമാണ് ചേർത്തിരുന്നത്.

**ഡോ. ഔസാഫ് അഹ്സൻ**
**കോഴിക്കോട്**

## ചുരുക്കെഴുത്ത്

*പ്രബോധനം* (ലക്കം: 34) അതിന്റെ പകുതിയോളം പേജുകൾ ചെലവഴിച്ചത് മുജാഹിദുകളുടെ ഐക്യത്തിന് വേണ്ടിയായിരുന്നു. അവർ ഭിന്നിച്ചതിലുള്ള ദുഃഖവും ഐക്യപ്പെടണമെന്ന അഭ്യർഥനയുമായിരുന്നു അതിലുള്ളത്. ഭിന്നിച്ചപ്പോൾ മനംനൊന്ത് അതിലെ സാധാരണക്കാരായ പല പ്രവർത്തകരും നിഷ്ക്രിയരായി. ഐക്യത്തിനായി ഏറെ മോഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാട് ഏറെ മതിപ്പുളവാക്കുന്നതും ശ്ലാഘനീയവുമാണ്.

**പി. ആലിക്കോയ പൊറ്റശ്ശേരി**

**ഇരു** മുജാഹിദുകളെയും ഒന്നിപ്പിക്കാൻ *പ്രബോധനം* സാഹസപ്പെടുന്നത് എന്തിനാണ്? വികാരത്തിന്റെയും തർക്കത്തിന്റെയും അപക്വസമീപനങ്ങളാണ് കേരളത്തിലെ മുജാഹിദുകൾ സ്വീകരിച്ചിരിക്കുന്നത്. യഥാർഥ മത മൂല്യങ്ങൾ സംസ്ഥാപിക്കേണ്ട ഇത്തരം പ്രസ്ഥാനങ്ങൾതന്നെ തമ്മിൽ പോരടിക്കുന്നു. ഏതാണ്ടെല്ലാ മുസ്‌ലിം സംഘടനകളും ഇതുപോലെ തന്നെ. പേര് ഉൽപതിഷ്ണുക്കൾ എന്നാണെങ്കിലും പ്രവർത്തനങ്ങൾ അസഹിഷ്ണുതയുടേതാണ്.

**അബൂ അഫ്നാൻ കവ്വായി**

**മതവിദ്യാഭ്യാസത്തെക്കുറിച്ച്** കെ. മുഹമ്മദ് അയിരൂർ എഴുതിയ ലേഖനം വിശദമായി ചർച്ച ചെയ്യപ്പെടണം. എല്ലാ അഭിപ്രായ ഭിന്നതകളും മറന്ന് സമുദായം ഇക്കാര്യത്തിൽ ഒന്നിക്കുമോ?

**നേമം താജുദ്ദീൻ തിരുവനന്തപുരം**

**ഗുജറാത്ത്** കത്തുമ്പോൾ പ്രധാനമന്ത്രിയായിരുന്ന വാജ്പേയി എം.ടി.വിയിൽ തന്റെ പുതിയ കവിതകളുടെ വിൽപന ഊർജിതപ്പെടുത്താനുള്ള തിരക്കിലായിരുന്നു. ഗുജറാത്തിലെത്താൻ അദ്ദേഹത്തിന് ഒരു മാസത്തിലധികം സമയം വേണ്ടിവന്നു. ഇഹ്സാൻ ചോദിച്ച പോലെ (ലക്കം: 32) ഇദ്ദേഹം എങ്ങനെ 'ഭാരതത്തിന്റെ രത്ന'മാവും?

**ജസിൽ ജെ. തോട്ടത്തിക്കുളം**
**കോതമംഗലം**

**കഴിഞ്ഞത്** മറക്കാനും പൊറുക്കാനും തയാറായാൽ മുജാഹിദ് സംഘടനകളുടെ ലയന പ്രക്രിയ അതിവേഗം ബഹുദൂരം മുന്നോട്ടുപോകും. ഇതൊരു 'ലൈവ്' ഇഷ്യൂ ആക്കി ഉയർത്തിക്കൊണ്ടുവന്നതിന് അഭിനന്ദനങ്ങൾ.

**വി.കെ റഫീഖ് ജിദ്ദ**

**ഇസ്‌ലാഹീ** പ്രവർത്തനം സമൂഹത്തിൽ ഏറ്റവും അനിവാര്യമായ കാലമാണിത്. കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി മനോഹരമായ പാക്കിങ്ങോടെയാണ് ഇന്ന് ജീർണതകൾ മാർക്കറ്റു ചെയ്യപ്പെടുന്നത്. വായുവിൽ നിന്ന് സ്വർണമോതിരം സൃഷ്ടിക്കുന്ന ബാബയാണ് പഴയ ആൾദൈവത്തിന്റെ ഉദാഹരണം. കുറച്ചെങ്കിലും യുക്തിബോധമുള്ളയാളെ ഒറ്റയടിക്ക് അകറ്റുന്ന ശൈലി. എന്നാൽ ഇന്നത്തെ ആൾദൈവങ്ങൾ ദൈവമാണെന്ന് അവകാശപ്പെടുന്നുപോലുമില്ല. ശാസ്ത്രീയമായ അതിജീവനകല പഠിപ്പിക്കുന്ന ഗുരുവായും, സ്നേഹം കോരിച്ചൊരിയുന്ന അമ്മയായുമൊക്കെ വിദ്യാസമ്പന്നരെയും ബുദ്ധിജീവികളെയും കീഴടക്കുകയാണ് ആൾ ദൈവങ്ങളുടെ പുത്തൻ ശൈലി. മുസ്‌ലിം സമുദായത്തിലെ ജീർണതകളും മാറിയിരിക്കുന്നു. ക്രൂരവും വൃത്തിഹീനവുമായ അന്തരീക്ഷത്തിൽ ഭ്രാന്തന്മാരെ കെട്ടിയിട്ടിരിക്കുന്ന, അറപ്പുളവാക്കുന്ന ഏർവാടിപോലുള്ള ജാറങ്ങളൊക്കെയായിരുന്നു ജീർണതയുടെ പഴയ പ്രതീകങ്ങൾ. ദീപപ്രഭയിൽ മുങ്ങിക്കുളിച്ച, മാധ്യമങ്ങൾ ലൈവ് ആയി കവർ ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പശ്ചാത്തലത്തിൽ സ്ഥാപിക്കപ്പെട്ട സ്വലാത്ത്നഗറുകളും, മൾട്ടിനാഷണൽ കമ്പനിയുടെ എം.ഡി ‘ശൈഖ്’ ആയ ത്വരീഖത്തുമൊക്കെയാണ് ഇന്നത്തെ ശൈലി. മുസ്‌ലിം സമുദായത്തിലെ ജീർണതകൾ

# തീവ്ര നിലപാടുകൾ ഗ്രൂപ്പിസത്തിനു വേണ്ടിയോ?

പ്രവർത്തന തലത്തിൽ മാത്രമല്ല, ആശയതലത്തിലും ശക്തമായ ഒരു തിരിച്ചുവരവ് നടത്തിയിരിക്കയാണ്. ഈ സമയത്താണ് മുജാഹിദ് സുഹൃത്തുക്കൾ തമ്മിലടിച്ച് ശോഷിക്കുന്നത്.

ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി അഭിപ്രായപ്പെട്ട പോലെ, നേതൃനിരയിലെ ചില വ്യക്തികൾ തമ്മിൽ നിസ്സാര കാര്യങ്ങളുടെ പേരിലുണ്ടായ അനിഷ്ടങ്ങൾ, സംഘടനയിലെ സ്ഥാനമാനങ്ങൾ എന്നിവയൊക്കെയാണ് മുജാഹിദ് സംഘടനയിലെ പിളർപ്പിന്റെ യഥാർഥ കാരണങ്ങൾ. എന്നാൽ ഇത്തരം കാരണങ്ങളുടെ പേരിലുള്ള ഒരു പിളർപ്പിനെ പ്രബുദ്ധരായ മുജാഹിദ് അണികൾ അംഗീകരിക്കുകയില്ലെന്ന് തിരിച്ചറിഞ്ഞതിനാൽ, ഇരുഭാഗത്തുമുള്ള ചിലർ ഗ്രൂപ്പിസത്തിന് വ്യാജമായ ആദർശമാനം ഉണ്ടാക്കുകയായിരുന്നുവെന്ന് കരുതേണ്ടിയിരിക്കുന്നു. ജീവകാരുണ്യപ്രവർത്തനങ്ങൾ പിളർപ്പിന് മുമ്പും മുജാഹിദ് സംഘടന നടത്തിയിട്ടുണ്ട്. ഒരു ഇസ്‌ലാമിക സംഘടന ഒരിക്കലും ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തരുതെന്നോ, ജീവകാരുണ്യപ്രവർത്തനങ്ങൾ മാത്രമാണ് ഇസ്‌ലാമിക പ്രബോധനമെന്നോ ഇരു വിഭാഗവും വാദിച്ചിട്ടില്ല. മരം നടൽ ഇസ്‌ലാമിക സംഘടന ഒരിക്കലും ചെയ്തുകൂടാത്തതാണെന്നോ, മരം നടലാണ് ഇസ്‌ലാമിക പ്രബോധനത്തിന്റെ മുഖ്യഭാഗമെന്നോ ഇരു കൂട്ടരും വാദിച്ചിട്ടില്ല. ഇത്തരം വിഷയങ്ങളിൽ മധ്യനിലപാടാണ് ഇരുകൂട്ടർക്കുമുള്ളത്. *സ്വഹീഹ് ബുഖാരി*യിലെ വളരെ അപൂർവം ചില ഹദീസുകൾ, *ബുഖാരി*യിലെ തന്നെ ഭൂരിപക്ഷം ഹദീസുകളുടെയും, വിശുദ്ധ ഖുർആന്റെയും ആശയത്തിന് വിരുദ്ധമാണെന്ന് കണ്ടപ്പോൾ, അത്തരം ഹദീസുകളുടെ പ്രാമാണികതയെക്കുറിച്ച് ഇസ്‌ലാമിക പണ്ഡിതർക്ക് പണ്ടുമുതലേ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിട്ടുണ്ട്; മുജാഹിദ് പണ്ഡിതന്മാർക്കിടയിലും വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ പിളർപ്പിനു ശേഷം മാത്രം രണ്ട് തീവ്രനിലപാടുകളുമായി വ്യത്യസ്ത ചേരികളായി നിൽക്കുന്നതുമൂലം ഗ്രൂപ്പിന് വേണ്ടി ആദർശ വ്യത്യാസം ഉണ്ടാക്കുന്നതായി നിഷ്പക്ഷമതികൾക്ക് തോന്നിപ്പോവുന്നു. ഒരു ശരാശരി മുജാഹിദ് പ്രവർത്തകന്റെ പ്രവർത്തന ശൈലിയിൽ പിളർപ്പിന് മുമ്പോ പിമ്പോ ഒരു വ്യത്യാസവുമില്ല; ഏത് വിഭാഗമായാലും. എന്നാലും, നഷ്ടപ്പെട്ട വിശ്വാസ്യത തിരികെ ലഭിക്കണമെങ്കിൽ, മുജാഹിദ് വിഭാഗങ്ങൾ അടിയന്തിരമായി ഒന്നിക്കേണ്ടതുണ്ട്.

**ഹനീഫ് വളാഞ്ചേരി**

# ഉന്നതതല സമിതിയെ നിയോഗിക്കണം

**മതവിദ്യാഭ്യാസ** മേഖലയിലെ മാറ്റത്തെക്കുറിച്ച് കെ. മുഹമ്മദ് അയിരൂർ എഴുതിയ ലേഖനം (ലക്കം: 33) ഒരു പൊളിച്ചെഴുത്തിന്റെ അനിവാര്യതയിലേക്ക് വിരൽചൂണ്ടുന്നു. മദ്റസാ പഠനംകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയുന്നില്ല എന്നത് സത്യമാണ്. മാത്രമല്ല ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്കും സമീപനങ്ങൾക്കും എതിരുമാണ് മദ്റസ പഠന രീതികൾ. അത് പാഠ്യവിഷയ കേന്ദ്രീകൃതവും പഠിതാവിന്റെ ശാരീരികവും മാനസികവും ബൗദ്ധികവുമായ ചോദനകളോട് ഏറ്റുമുട്ടുകയും ചെയ്യുന്നു. അനുഷ്ഠാനങ്ങളുടെ ശർത്-ഫർദുകൾക്ക് ആവശ്യത്തിലേറെ പ്രാധാന്യം നൽകുകയും അനുഷ്ഠാനങ്ങളുടെ ആത്മാവ് അവഗണിക്കപ്പെടുകയും ചെയ്യുന്നു. ആവശ്യമായ പലതും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താതെ അനാവശ്യമായ പലതും ആവർത്തിച്ച് പഠിപ്പിക്കാൻ സമയം ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നു.

സമുദായത്തിന്റെ സാമ്പത്തികവും സംഘടനാപരവുമായ ഊർജത്തിന്റെ മുഖ്യപങ്ക് ഫലരഹിതമായ ഈ മതവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നിലനിൽപ്പിനും വികസനത്തിനും വേണ്ടിയാണ് ചെലവഴിക്കുന്നത് എന്ന് വരുമ്പോൾ ഈ രംഗത്ത് മാറ്റം അടിയന്തിരമായി ഉണ്ടാകേണ്ടതുണ്ട്.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെയോ അതിന്റെ വിദ്യാഭ്യാസ ബോർഡിന്റെയോ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുന്നതായിരിക്കും ഉത്തമം എന്നു തോന്നുന്നു. സമിതിയിൽ വിദ്യാഭ്യാസ വിചക്ഷണരും കുട്ടികളുടെ മനശ്ശാസ്ത്രം അറിയുന്നവരും ഇസ്‌ലാമിക പണ്ഡിതന്മാരും അധ്യാപകരും മദ്റസാ മാനേജ്മെന്റ് പ്രതിനിധികളും ബന്ധപ്പെട്ട മറ്റു പ്രമുഖരും ഉണ്ടായിരിക്കണം. നിലവിലുള്ള രീതിയുടെ പോരായ്മകൾ ചൂണ്ടിക്കാട്ടുന്നതോടൊപ്പം സ്വീകാര്യമായ രീതിയുടെ എല്ലാ വശങ്ങളും സമിതി അതിന്റെ റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കണം. പാഠ്യപദ്ധതി, അതിന്റെ ലക്ഷ്യങ്ങൾ (curriculum & curricular objectives), ടെക്സ്റ്റ് ബുക്കുകൾ, മറ്റു പഠന സഹായികൾ, മൂല്യനിർണയ രീതി, പഠന സമയം, അധ്യാപകരുടെ യോഗ്യതകൾ തുടങ്ങി വിഷയത്തിന്റെ എല്ലാ വശങ്ങളും റിപ്പോർട്ടിൽ പരാമർശിക്കണം. നിർദേശങ്ങൾ വേഗത്തിൽ പ്രായോഗികമാക്കിയാൽ പ്രശ്നത്തിന് കുറെയൊക്കെ പരിഹാരമാകും.

**എം.കെ മുഹമ്മദ് തിരൂർക്കാട്**